**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2019-20 - മരട് നഗരസഭ - ബഹു. സുപ്രീം കോടതി ഉത്തരവ് പ്രകാരം മരടിൽ അനധികൃതമായി നിർമ്മിച്ചിരുന്ന ഫ്ലാറ്റ് സമുച്ചങ്ങൾ പൊളിച്ചതിനുള്ള ബില്ലുകൾ തീർപ്പാക്കുന്നതിന് പൊതു ആവശ്യ ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി സെൽ - എ) വകുപ്പ്**

സ.ഉ.(സാധാ) നം. 2432/2020/ധന തീയതി, തിരുവനന്തപുരം., 23 മാർച്ച് 2020

---

പരാമർശം.
1) SLP(C) 4784-4785/2019 മേലുള്ള ബഹു. സുപ്രീം കോടതിയുടെ 06/09/2019 ലെ വിധി ന്യായം.
2) സ.ഉ.(സാധാ)നം.2193/2019/ത.സ്വ.ഭ.വ തീയതി: 05/10/2019
3) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ LSGD-FM1/46/2020-LSGD നമ്പർ അനൗദ്യോഗിക ഫയൽ
4) സ.ഉ.(സാധാ)നം.2127/2020/ധന തീയതി: 12/03/2020

**ഉത്തരവ്**

ബഹു. സുപ്രീം കോടതിയുടെ പരാമർശം (1)-ലെ അന്തിമ വിധി പ്രകാരം മരട് നഗരസഭയുടെ പരിധിയിൽ അനധികൃതമായി നിർമ്മിച്ചിരിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ പൊളിക്കുന്നതിന് സർക്കാർ ഒരു ടെക്നിക്കൽ കമ്മിറ്റിയെ പരാമർശം (1) ലെ ഉത്തരവ് പ്രകാരം രൂപികരിക്കുകയുണ്ടായി. മരട് ഫ്ളാറ്റ് സമുച്ചയങ്ങൾ പൊളിച്ച് മാറ്റുന്നതിന് ടെക്നിക്കൽ കമ്മിറ്റിയുമായി കരാറിൽ ഏർപ്പെട്ട എഡിഫൈസ് എൻജിനീയറിംഗ്, വിജയ സ്റ്റീൽസ് എന്നീ കമ്പനികൾ ടി സമുച്ചയങ്ങൾ പൊളിച്ചതിന് ഇതുവരെ യഥാക്രമം 2,02,74,430/- , 71,98,000/- രൂപയുടെ ബില്ലുകൾ സമർപ്പിച്ചിട്ടുണ്ടെന്നും ടി ബില്ലുകൾ ടെക്നിക്കൽ കമ്മിറ്റിയുടെ എഗ്രീമെന്റ് പ്രകാരമാണെന്നും ബിൽ തുക നൽകുന്നതിന് അധിക തുക അനുവദിക്കണമെന്നും സൈറ്റിൽ നിന്നും പൂർണ്ണമായും അവശിഷ്ടങ്ങൾ നീക്കം ചെയ്തതിന് ശേഷം മാത്രമേ തുക കമ്പനികൾക്ക് അനുവദിക്കുകയുള്ളൂവെന്നുമുള്ള മരട് നഗരസഭ സെക്രട്ടറിയുടെ കത്ത് പരാമർശം (3) പ്രകാരം ഭരണ വകുപ്പ് ശിപാർശ ചെയ്തിട്ടുമുണ്ട്. പരാമർശം (4) പ്രകാരം അധിക തുക ധനപുനഃവിനിയോഗം നടത്തിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മരടിൽ അനധികൃതമായി നിർമ്മിച്ചിരുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ പൊളിച്ചതിനുള്ള ബില്ലുകൾ തീർപ്പാക്കുന്നതിന് 2019-20 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിൽ നിന്നും **₹2,74,72,430/- രൂപ** [ രണ്ട് കോടി എഴുപത്തിനാല് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി നാനൂറ്റി മുപ്പത് രൂപ മാത്രം] മരട് നഗരസഭക്ക് **(M071100)** അധിക ധനാനുമതിയായി '3604-00-200-88-(02)- NP' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി.**
**ധനകാര്യ ജോയിന്റ് സെക്രട്ടറി**

സ്വീകർത്താവ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, മരട് നഗരസഭ
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1458870)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ